(ബി) ധനസഹായം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പു ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭ്യമാവാത്തതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ധനസഹായം ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യേണ്ടതാണ്.

(ബി & സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മന്ത്രിമാരുടെ വിദേശയാത്രയും മറ്റ് ചെലവുകളും

75 (76) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും യാത്രാപ്പടി ഇനത്തിലും ഔദ്യോഗിക വിരുന്നുകൾക്കുമായി എത്ര തുക ചെലവഴിച്ചു എന്ന് വാർഷികാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം മന്ത്രിമാർ വിദേശയാത്ര നടത്തുകയുണ്ടായി ; നാളിതുവരെയുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) ഓരോരുത്തരും ഏതെല്ലാം കാര്യങ്ങൾക്കാണ് വിദേശയാത്ര നടത്തിയത്; ഓരോ യാത്രയുടെയും ചെലവ് എത്ര; പ്രസ്തുത ചെലവ് ആരാണ് വഹിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസുകളിലേക്കും വസതികളിലേക്കും ഇലക്ട്രോണിക്സ് ഉപകരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും, യാത്രാപ്പടി ഇനത്തിലും ഔദ്യോഗിക വിരുന്നുകൾക്കുമായി

LIBRARY ARCHIVES Kerala Legislative Assembly

വാർഷികാടിസ്ഥാനത്തിൽ ചെലവഴിച്ച ഇക സംബന്ധിച്ച വിശദാംശം യഥാക്രമം അനുബന്ധം -1 എ, അനുബന്ധം - 1 ബി ആയി ചേർത്തിരിക്കുന്നു.*

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർ നടത്തിയ വിദേശയാത്ര സംബന്ധിച്ച വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വസതികളിലേക്ക് ഇലക്ട്രോണിക്സ് ഉപകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഓഫീസുകളിലേക്ക് നാളിതുവരെ ചെലവാക്കിയ ഇക സംബന്ധിച്ച വിശദാംശം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി

76 (77) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതിയിലെ സുപ്രീംകോടതി വിധിയിന്മേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംയോജന പദ്ധതി കേരളത്തിന് ദോഷമാകുമെന്ന നിലപാട് കേന്ദ്ര സർക്കാരിലോ ദേശീയ ജല കമ്മീഷനിലോ മറ്റേതെങ്കിലും സമിതിയിലോ ഉന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രധാനമന്ത്രിയുമായുള്ള ആദ്യ സന്ദർശനത്തിൽ തന്നെ തമിഴ് നാട് മുഖ്യമന്ത്രി സംയോജന പദ്ധതിയുമായി മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ ആദ്യ സന്ദർശനത്തിൽ ഈ പദ്ധതിയെപ്പറ്റി കേരളത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച 27-2-2012-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly